ഇടുക്കി ജില്ലയിൽ വരൾച്ച നേരിടുന്നതിന് ആവശ്യമായ നടപടി

34 [1931] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ച രൂക്ഷമായ ഇടുക്കി ജില്ലയിൽ കാർഷിക വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിലവിലുള്ള മുൻഗണനകൾ മാറ്റി വരൾച്ചയെ നേരിടുന്നതിന് ആവശ്യമായ മെറ്റീരിയൽസ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടാർജറ്റിൽ ഉൾപ്പെടുത്തിയിരുന്ന എൽ.ഇ.എം.ജി. കണക്ഷനുകൾ 69 എണ്ണം. ഉണ്ടായിരുന്നതിൽ 19 എണ്ണം ഈ സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്. മറ്റുള്ളവയും സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ച് ത്വരിതഗതിയിൽ നൽകുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) ത്വരിത നടപടികൾ സ്വീകരിച്ചു വരുന്നു.

പുനലൂർ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നടപടി

35 [1932] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര മുനിസിപ്പാലിറ്റികളിലാണ് എ.പി.ഡി.ആർ.പി. പദ്ധതി നടപ്പിലാക്കുന്നത് ;

(ബി) പുനലൂർ മുനിസിപ്പാലിറ്റിയിലെ ഏതെല്ലാം പ്രദേശങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ ;

(സി) പഞ്ചായത്ത് പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പുനലൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) എ.പി.ഡി.ആർ.പി. പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ ;

(ഇ) പുനലൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ എന്തെങ്കിലും പദ്ധതി ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എ.പി.ഡി.ആർ.പി. പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും 30 മുനിസിപ്പാലിറ്റികളിലുമാണ് വൈദ്യുതി പ്രശ്നപരിഹാരത്തിനുള്ള നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നത്.

(ബി) പുനലൂർ ഇലക്ട്രിക്കൽ ഡിവിഷനിൽപ്പെട്ട പുനലൂർ, വിളക്കുടി എന്നീ സെക്ഷനുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

(സി) ഇല്ല.

(ഡി) എ.പി.ഡി.ആർ.പി. പദ്ധതിയുടെ ലക്ഷ്യങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ഇ, എഫ്) എ.പി.ഡി.ആർ.പി. പദ്ധതിയിൽപ്പെട്ട വർക്കുകൾ കൂടാതെ പുനലൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി 31 വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾക്ക് വൈദ്യുതി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊണ്ടുവരുന്നു.

ദേശമംഗലത്ത് ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ആരംഭിക്കുവാൻ നടപടി

38 [1933] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ദേശമംഗലത്ത് ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് തുറക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത സെക്ഷൻ ആഫീസ് ആരംഭിക്കാനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ ;

(സി) ഉപഭോക്താക്കളുടെ സൗകര്യാർത്ഥം എത്രയുംവേഗം പ്രസ്തുത സെക്ഷനാഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി, സി) ബോർഡിന്റെ സാമ്പത്തിക ഞെരുക്കംമൂലമാണ് പ്രസ്തുത തീരുമാനം നടപ്പാക്കുന്നതിന് കാലതാമസം വന്നത്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആഫീസ് ആരംഭിക്കാവുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly